**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 3023

20/12/2012-ൽ മറുപടി
നൽകേണ്ടത്

# മൂന്നാറിൽ ദൗത്യസേന പിടിച്ചെടുത്ത ഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) മൂന്നാറിൽ ദൗത്യസേന പിടിച്ചെടുത്ത ഭൂമി വീണ്ടും കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച് നിജസ്ഥിതി വ്യക്തമാക്കുമോ ; | (ബി) മൂന്നാർ ദൗത്യസംഘം ഒഴിപ്പിച്ചെടുത്ത ഭൂമിയിൽ ദേവികുളം താലൂക്കിലെ കെ.ഡി.എച്ച് വില്ലേജിലെ പാർവ്വതി മലയിൽ സർവ്വെ നം.68/9, 10ൽപ്പെട്ട 40.05 ഏക്കറും, പള്ളിവാസൽ വില്ലേജിലെ പുലിപ്പാറയിൽ സർവ്വെ നം.177/1 ൽപ്പെട്ട 35 ഏക്കറും, ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ ബ്ലോക്ക് നം.6ൽ റീസർവ്വെ 1ൽപ്പെട്ട 250 ഏക്കറും, ചിന്നക്കനാൽ പഴയ സർവ്വെ നം.495, 532, 540,547 എന്നിവയിൽപ്പെട്ട 2.80 ഏക്കറും വീണ്ടും കയ്യേറ്റം കണ്ടെത്തിയതിനെ തുടർന്ന് കയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുള്ളതാണ്. മൂന്നാർ ദൗത്യ സംഘം ഒഴിപ്പിച്ചെടുത്ത സർക്കാർ ഭൂമിയിലെ മുഴുവൻ കയ്യേറ്റങ്ങളും ഈ സർക്കാരിന്റെ കാലത്ത് ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുള്ളതും, വീണ്ടും കയ്യേറ്റം ഉണ്ടാകാതിരിക്കുന്നതിനായി സർക്കാർ വക ഭൂമി എന്ന ബോർഡ് സ്ഥാപിച്ചിട്ടുള്ളതും, ഈ ഭൂമിയിൽ വീണ്ടും കയ്യേറ്റം ഉണ്ടാകുന്നത് തടയുന്നതിന് അതാത് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |

(സി) സ്വകാര്യ വ്യക്തികളുടെ കൈയ്യേറ്റത്തിന് ഉദ്യോഗസ്ഥരുടെ സഹായം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(സി) സ്വകാര്യ വ്യക്തികൾ സർക്കാർ ഭൂമി കയ്യേറുന്നതിന് ഉദ്യോഗസ്ഥരുടെ സഹായം ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ ഉദ്യോഗസ്ഥർ കയ്യേറ്റത്തിന് കൂട്ടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഡി)കൈയ്യേറിയ ഭൂമി വീണ്ടും സർക്കാരിലേക്ക് പിടിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1933.88 ഏക്കർ ഭൂമി കയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ എടുത്തിട്ടുള്ളതാണ്. ടി ഭൂമിയിൽ വീണ്ടും കയ്യേറ്റം ഉണ്ടാകാതിരിക്കുന്നതായി സർക്കാർ വക ഭൂമി എന്ന ബോർഡ് സ്ഥാപിച്ചിട്ടുള്ളതും, ടി ഭൂമിയുടെ സംരക്ഷണ ചുമതല അതാത് വില്ലേജ് ഓഫീസർമാരെ ഏൽപിച്ചിട്ടുള്ളതുമാണ്. സർക്കാർ ഭൂമിയിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ ഭൂസംരക്ഷണ സേനയുടെ സഹായത്തോടെ ടി കയ്യേറ്റം ഒഴിപ്പിക്കുന്നുണ്ട്. ഇതിനായി പീരുമേട്, ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിൽ 5 വീതം PLPF (Public Land Protection Force) സേനാംഗങ്ങളെ വിന്യസിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ